# പതിമൂന്നാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

### നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 2245 15.07.2011- ൽ മറുപടിക്ക്

### ഫ്ളെഡ് റിലീഫ് വർക്കുകൾ റവന്യൂ വകുപ്പ് റദ്ദ് ചെയ്ത നടപടി

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. ജി. സുധാകരൻ | | **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ**<br><br>**(ബഹു. റവന്യൂ വകുപ്പു മന്ത്രി)** |
| (എ) | 2006-2011 കാലയളവിൽ കേരളത്തിൽ എം.എൽ.എമാർക്ക് അറിയിപ്പ് നൽകാതെ നേരത്തെ അനുവദിച്ച ഫ്ളെഡ് റിലീഫ് വർക്കുകൾ റവന്യൂ വകുപ്പ് റദ്ദ് ചെയ്തത് പുന:സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ; | | (എ)യും (ബി)യും (സി)യും (ഡി)യും (ഇ)യും എഫും<br><br>പ്രകൃതി ദുരന്തംമൂലം റോഡുകൾക്ക് പുനരുദ്ധാരണം അനിവാര്യമായി വരുന്ന ഘട്ടത്തിൽ പുനരുദ്ധാരണ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകാറുള്ളത്. ഇത് പുനരുദ്ധാരണത്തിന്റെ അനിവാര്യതയുടെയും ഫണ്ടിന്റെ ലഭ്യതയുടെയും അടിസ്ഥാനത്തിലാണ് നൽകിവരുന്നത്. അനുമതി നൽകിയിട്ടും ഏറെക്കാലമായി ഏറ്റെടുക്കാതിരിക്കുന്ന സാഹചര്യത്തിലാണ് അനുമതി റദ്ദാക്കിയിട്ടുള്ളത്. ഫണ്ടിന്റെ ലഭ്യതയും മാനദണ്ഡങ്ങളും കണക്കിലെടുത്ത് മാത്രമേ ഇക്കാര്യത്തിൽ മറ്റ് നടപടികൾ സാധ്യമാവുകയുള്ളൂ. |
| (ബി) | പുതിയ അമ്പലപ്പുഴ മണ്ഡലത്തിലെ 27 നഗരസഭാ വാർഡുകളിലും അഞ്ചു പഞ്ചായത്തുകളിലുമായി റദ്ദു ചെയ്ത റോഡുകളും അവയ്ക്ക് അനുവദിച്ച തുകകളും സംബന്ധിച്ച വിവരങ്ങൾ നൽകുമോ; | | |
| (സി) | മേൽ പറഞ്ഞ വർക്കുകൾ പുന:സ്ഥാപിക്കുമോ ; | | |
| (ഡി) | അമ്പലപ്പുഴ മണ്ഡലത്തിൽ 27 നഗരസഭാ വാർഡുകളിലും അഞ്ചു പഞ്ചായത്തുകളിലുമായി അനുവദിച്ച ഫ്ളെഡ് റിലീഫ് വർക്കുകളും അവയുടെ തുകകളും എത്രയെന്ന് അറിയിക്കുമോ; | | |
| (ഇ) | ഈ സർക്കാരിന്റെ കാലത്ത് ഫ്ളെഡ് റിലീഫ് വർക്കുകൾ അനുവദിക്കുന്നതിനുള്ള നയം എന്തെന്ന് വ്യക്തമാക്കുമോ; | | |
| (എഫ്) | ഫ്ളെഡ് റിലീഫ് വർക്കുകളുടെ ആദ്യ ഗഡു ഈ സർക്കാർ എന്നാണ് അനുവദിക്കുന്നതെന്ന് വ്യക്തമാക്കാമോ? | | |

സെക്ഷൻ ഓഫീസർ